ॐ



മാതാ ഭസ്ത്രാ പിതു: പുത്രോ യേന ജാത: സ ഏവ സ:
ഭരസ്വ പുത്രം ദുഷ്യന്ത മാവമംസ്ഥാ: ശകുന്തളാം (9-20-21)
രേതോധാ: പുത്രോ നയതി നരദേവ യമക്ഷയാത്
ത്വം ചാസ്യ ധാതാ ഗർഭസ്യ സത്യമാഹ ശകുന്തളാ (9-20-22)

*ശുകമുനി തുടർന്നു:*
പുരുവിൻെറ കുലത്തിലാണ് രൈഭ്യൻെറ മകനായി ദുഷ്യന്തൻ പിറന്നത്. ഒരു ദിവസം ദുഷ്യന്തൻ നായാട്ടിനായി കാട്ടിൽ പോയി. കണ്വമഹർഷിയുടെ ആശ്രമത്തിനു സമീപം ഒരു സുന്ദരിയായ യുവതരുണിയെക്കണ്ട് ആദ്യനോട്ടത്തിൽത്തന്നെ പ്രേമത്തിലായി. “നീ രാജരക്തമായിരിക്കണം. അല്ലെങ്കിൽ എൻെറ ഹൃദയം നിനക്കു വേണ്ടി ഇങ്ങിനെ ആഗ്രഹിക്കുകയില്ല.” “ശരിയാണ്”. അവൾ മറുപടി പറഞ്ഞു: ഞാൻ ശകുന്തളയാണ്. വിശ്വാമിത്രമുനിയുടേയും മേനകയുടേയും മകൾ. ശകുന്തളയും ദുഷ്യന്തനും ഗാന്ധർവ്വവിധി (സ്വാഭീഷ്ട) പ്രകാരം വിവാഹിതരായി. താമസിയാതെ രാജാവ് കൊട്ടാരത്തിലേക്ക് പോയി. ശകുന്തള ഗർഭിണിയായി. കാലക്രമത്തിൽ അവൾ ഭരതന് ജൻമം നൽകി.

കുറച്ചു നാൾ കഴിഞ്ഞ് ശകുന്തള ഭരതനെയും കൂട്ടി ഭർതൃഗൃഹത്തിൽ ചെന്നു. എന്നാൽ ചക്രവർത്തി അവളെ തിരിച്ചറിഞ്ഞില്ല. ആ സമയത്ത് ആകാശത്തു നിന്നൊരശരീരി കേട്ടു. “അമ്മ അച്ഛനു വേണ്ടി പുത്രനെ നൽകാനുള്ള പാത്രമത്രെ. ഈ ബാലനെ സ്വീകരിച്ചാലും. (ഭരസ്വ). ശകുന്തളയെ അവഗണിക്കുകയുമരുത്. ഇതു നിൻെറ പുത്രനാണ്. സ്വന്തം കുട്ടികളുള്ള പുത്രൻ തൻെറ അഛനെ യമലോകത്തിൽ കയറാതെ സൂക്ഷിക്കുന്നു. ശകുന്തള സത്യമാണ് പറയുന്നത്.”

കാലക്രമത്തിൽ ഭരതൻ -ഭഗവാൻെറ അംശാവതാരം തന്നെ- ചക്രവർത്തിയായി. വിസ്മയിപ്പിക്കുന്ന തരത്തിൽ അനേകം തവണ അദ്ദേഹം അശ്വമേധയാഗം നടത്തി. അമ്പത്തിയഞ്ചുതവണ ഗംഗാതീരത്തും എഴുപത്തിയെട്ടെണ്ണം യമുനാ തീരത്തുമാണ് നടത്തിയത്. പങ്കെടുത്ത പുരോഹിതൻമാർക്കെല്ലാം ഉദാരമായ സമ്മാനങ്ങൾ നൽകി. ഈ യാഗങ്ങൾകൊണ്ട് ഭഗവൽകൃപയുണ്ടാവുകമൂലം ഭരതന് മായാബന്ധന മുണ്ടായിരുന്നില്ല. ഇതുവരെയുണ്ടായിട്ടില്ലാത്ത രീതിയിൽ മഷ്നാരയാഗവും അദ്ദേഹം നടത്തി. എല്ലാ അയൽപ്രവിശ്യകളും ഭരതൻെറ കീഴിലായി. പാതാളങ്ങളിൽ നിന്നും ദേവഭാര്യമാരെ തടങ്കലിൽ നിന്ന് രക്ഷിപ്പിച്ചു കൊണ്ടുവന്നു അദ്ദേഹം. സ്വർഗ്ഗവും ഭൂമിയും തങ്ങളുടെ സമ്പത്തും ഫലങ്ങളും അളവില്ലാതെ വർഷിച്ചു. രാജാവും പ്രജകളും അധികം അദ്ധ്വാനിക്കാതെ തന്നെ നല്ല വിളവുണ്ടായി.

ഭരതന് മൂന്നു ഭാര്യമാരിലായി മൂന്നു മക്കളുണ്ടായി. എന്നാൽ അഛനുമായി സാമ്യമില്ലെന്നു കണ്ട് അവർ ആ കുട്ടികളെ ഉപേക്ഷിച്ചു. കുലം നിലനിൽക്കാനായി വായുദേവൻ ഒരു കുട്ടിയെ നൽകി. ബ്രഹസ്പതി മുനിക്ക് സഹോദരഭാര്യയായ മമതയിലുണ്ടായ കുട്ടിയെ ദുഷ്പ്രവാദം ഭയന്ന് അവർ ഉപേക്ഷിച്ചതായിരുന്നു. ഭരദ്വാജൻ എന്നാണീ കുട്ടിയുടെ പേര്.

*ഭരസ്വ എന്നാൽ (പാത്രം) നിറക്കുക എന്നർത്ഥം. അങ്ങിനെ ഭരതൻ എന്ന പേരുണ്ടായി.*